(സി) പ്രസ്തുത ബാങ്കുമായി നടത്താൻ ഉദ്ദേശിക്കുന്ന വായ്പ ഇടപാടുകൾ സുതാര്യമാക്കാൻ എന്തൊക്കെ ക്രമീകരണങ്ങളാണ് സർക്കാർ നടപ്പാക്കാൻ പോകുന്നത് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) വായ്പ എടുക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ബാങ്ക് പ്രതിനിധികളുമായി പ്രാഥമിക ചർച്ചകളേ കഴിഞ്ഞിട്ടുള്ളൂ. അതിനാൽ വ്യവസ്ഥകൾ വ്യക്തമായിട്ടില്ല.

(ബി) വായ്പ എടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ഒന്നും ഇതുവരെ നിശ്ചയിച്ചിട്ടില്ല.

(സി) ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കുമായി അന്തിമവട്ട ചർച്ച നടന്നതിന് ശേഷമേ വ്യക്തമാക്കാനാവൂ.

12 (975) ആർ.ബി.ഐ. നോമിനികളെ പിൻവലിക്കുന്ന നടപടി

ശ്രീ. സി.കെ. നാണു : താഴെകാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ബാങ്കുകളുടെ പ്രവർത്തനം കൂടുതൽ സുതാര്യമാക്കുവാനായി നല്ല നിലയിൽ പ്രവർത്തിക്കുന്ന സഹകാര്യ ബാങ്കുകളുടെ ഡയറക്ടർ ബോർഡിൽ നിന്നും ആർ.ബി.ഐ നോമിനികളെ പിൻവലിക്കണമെന്ന നരസിംഹം കമ്മിറ്റിയുടെ റിപ്പോർട്ട് അനുസരിച്ച് ഏതെല്ലാം ബാങ്കുകളിൽ നിന്നും ആർ.ബി.ഐ. നോമിനികളെ പിൻവലിച്ചിട്ടുണ്ട്?

(ബി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സഹകാര്യബാങ്കുകളുടെ പ്രവർത്തനത്തെക്കുറിച്ച് സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) സൗത്ത് ഇൻഡ്യൻ ബാങ്കിന്റെ ബോർഡിൽ നിന്നും ആർ.ബി.ഐ. നോമിനിയെ പിൻവലിച്ചിട്ടുണ്ട്.

(ബി) പഠനം നടത്തിയിട്ടില്ല.

13 (976) ദേശീയ സമ്പാദ്യ പദ്ധതിയിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വിഹിതം

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996-97 വർഷത്തിൽ ദേശീയ സമ്പാദ്യ പദ്ധതിയിൽ ഇന്ദിരാവികാസ് പത്രയിലേക്ക് പണം സമാഹരിച്ച് നൽകിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വിഹിതം നൽകിയിട്ടുണ്ടോ;

(ബി) ഓരോ ജില്ലയിൽ നിന്നും ഈ ഇനത്തിൽ ശേഖരിച്ച തുക എത്ര; ജില്ലകൾക്ക് നൽകിയ വിഹിതം എത്ര;

(സി) ചേർപ്പ് നിയോജകമണ്ഡലത്തിലെ ചേർപ്പ്, കൂർക്കഞ്ചേരി, താന്ന്യം, പാഴൂർ, പാറളം, വല്ലച്ചിറ, ആറ്റാണിശ്ശേരി ഗ്രാമപഞ്ചായത്തുകൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

എത്ര സംഖ്യ നൽകി; ഇനിയും ബാക്കി നൽകാനുള്ള സംഖ്യ എത്ര; ഈ സംഖ്യ എന്ന് വിതരണം ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വിഹിതം പൂർണ്ണമായും നൽകിയിട്ടില്ല.

(ബി) ഓരോ ജില്ലക്കളിൽ നിന്നും സമാഹരിച്ച തുകയും നൽകിയ വിഹിതവും താഴെ പറയും പ്രകാരമാണ്.

	ജില്ല	സമാഹരിച്ച തുക	നൽകിയ വിഹിതം
1.	തിരുവനന്തപുരം	70,00,000	17,50,000
2.	കൊല്ലം	41,35,000	4,20,000
3.	ആലപ്പുഴ	23,99,500	2,68,000
4.	കോട്ടയം	6,53,14,000	20,00,000
5.	ഇടുക്കി	70,25,000	7,20,000
6.	എറണാകുളം	6,40,00,000	35,40,000
7.	തൃശ്ശൂർ	3,85,70,052	40,00,000
8.	പാലക്കാട്	1,50,00,000	7,50,000
9.	മലപ്പുറം	20,64,000	2,75,000
10.	കോഴിക്കോട്	19,97,950	2,75,000
11.	കണ്ണൂർ	3,99,30,492	67,90,000
12.	വയനാട്	27,15,000	3,30,000
13.	കാസർഗോഡ്	27,14,950	3,00,000
14.	പത്തനംതിട്ട	36,68,500	3,62,000
		25,65,34,444/-	2,17,50,000/-

(സി) ഈ പഞ്ചായത്തുകൾക്ക് വിഹിതമായി ഇതുവരെ 3,29,150/- രൂപ നൽകിയിട്ടുണ്ട്. 9,70,850 രൂപ വിഹിതമായി നൽകുവാനുണ്ട്. എത്രയും വേഗം വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുന്നതാണ്.

14 (977) സെയിൽസ് ടാക്സ് ഓഫീസർ തസ്തിക

ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെയിൽസ് ടാക്സ് ഓഫീസർ തസ്തികയിൽ ഓപ്പൺ ക്വാട്ടയിൽ നിന്നുള്ള നിയമനം സംബന്ധിച്ച് അടുത്ത കാലത്ത് സുപ്രീം കോടതിയിൽ നിന്നും എന്തെങ്കിലും വിധി ഉണ്ടായിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത വിധിയിൻമേൽ കേരള സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly